ജെ4 - 28322/2017/പ.വ.

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 12.08.2017

# സർക്കുലർ

വിഷയം:- പഞ്ചായത്ത് വകുപ്പ്- ബഡ്സ് സ്ക്കൂൾ ടീച്ചർമാരുടെ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നത് - സംബന്ധിച്ച്-

സൂചന:- 1) സർക്കാരിന്റെ 3/4/2017 ലെ സ.ഉ. (എം.എസ്.) നം: 80/2017/തസ്വഭവ. നമ്പർ ഉത്തരവ്.
2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10/5/2017 ൽ കൂടിയ യോഗത്തിലെ 3.6 നമ്പർ തീരുമാനം.

13-ാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡികളും, അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് സൂചന(1) മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള, ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് ആരംഭിച്ചിട്ടുള്ള ബഡ്സ് സ്ക്കൂളിലെ നിശ്ചിത യോഗ്യത നേടാത്ത ടീച്ചർമാർക്ക് പ്രതിമാസം 7,500/- രൂപയും ഹെൽപ്പർ/ആയമാർക്ക് 6,000/- രൂപയും നിശ്ചിത യോഗ്യതയുള്ള ടീച്ചർമാർക്ക് താഴെ പരാമർശിക്കും പ്രകാരവും ഓണറേറിയം നൽകണമെന്ന് നിഷ്ക്കർഷിച്ചിരുന്നു.

| | | |
|---|---|---|
| സ്പെഷ്യൽ ടീച്ചർ | ബിരുദവും ബി.എഡ്.സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ)നും അല്ലെങ്കിൽ ബിരുദത്തോടൊപ്പം ഡി.എസ്.ഇ.(എം.ആർ) 3 വർഷത്തെ പ്രവൃത്തി പരിചയം | 20000/-രൂപ |
| ഗ്രാജുവേറ്റ് ടീച്ചർമാർ | സ്പെഷ്യൽ എഡ്യൂക്കേഷനിൽ ബി.എഡ്ഡും അല്ലെങ്കിൽ ബിരുദത്തോട് കൂടിയ ഡി.എസ്.ഇ. (എം.ആർ)ഡിപ്ലോമയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും | 15000/-രൂപ |
| അസി. ടീച്ചർ | സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമയും അല്ലെങ്കിൽ പ്ലസ്ടുവും ഡി.എസ്.ഇ.(എം.ആർ) ഡിപ്ലോമയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും | 12000/-രൂപ |

മേൽ പരാമർശിച്ച ഓണറേറിയം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെ ടീച്ചർമാർക്കും ബാധകമാണെന്ന് സൂചന (2)പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ പല ഗ്രാമ പഞ്ചായത്തുകളും വേതനം നൽകുന്നതിൽ വിമുഖത കാണിക്കുന്നതായി സർക്കാരിന് പരാതികൾ ലഭിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 13-ാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സൂചന(1) മാർഗ്ഗ രേഖയിൽ നിഷ്ക്കർഷിക്കും പ്രകാരം വർദ്ധിപ്പിച്ച ഓണറേറിയം ബഡ്സ് സ്കൂളിലേയും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലേയും ടീച്ചർമാർക്ക് നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്. സെക്രട്ടറിമാർ ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ , സെക്രട്ടറിമാരുടെ മാസാന്ത്യ യോഗത്തിൽ ഉറപ്പു വരുത്തേണ്ടതാണ്.

വി. രതീശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ.

പകർപ്പ്:
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

ടി/

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്